# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

15.02.2016-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1660

## കേന്ദ്രാവിഷ്കൃത ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ

ചോദ്യം

ശ്രീ. കെ. അജിത്

എ) കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിൽ സമ്പൂർണ്ണമായും കേന്ദ്രസഹായത്തോടെയുള്ളതും ഭാഗികമായുള്ളതും ഏതെല്ലാമാണെന്നും ഓരോ പദ്ധതിയും ഏതു ഘട്ടംവരെ പൂർത്തിയാക്കിയെന്നും വെളിപ്പെടുത്തുമോ ;

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

എ) പഞ്ചായത്ത് വകുപ്പ് വഴി നടപ്പിലാക്കുന്ന ഏക കേന്ദ്രാവിഷ്കൃത പദ്ധതി രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ) ആണ്. കേന്ദ്രവിഹിതം 75%വും സംസ്ഥാന വിഹിതം 25%വും ആയാണ് നടപ്പിലാക്കുന്നത്. ഓരോവർഷവും കേന്ദ്രസർക്കാർ അനുവദിക്കുന്ന വാർഷിക പദ്ധതി അനുസരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഉപയോഗിച്ച് ഗ്രാമവികസനവകുപ്പ് മുഖേന നടപ്പിലാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന എന്നീ പദ്ധതികളെല്ലാം തന്നെ ഭാഗികമായ കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. പിന്നോക്ക മേഖല വികസന നിധി (ബി.ആർ.ജി.എഫ്) പദ്ധതി 2014-15 വർഷംവരെ 100% കേന്ദ്ര സഹായ പദ്ധതിയായിരുന്നുവെങ്കിലും 2015-16 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ഇന്ദിരാ ആവാസ് യോജന, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന എന്നീ പദ്ധതികളിൽ 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവും ആണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ വേതനം, ഭരണ നിർവ്വഹണ ചെലവ് എന്നിവ പൂർണ്ണമായും സാധനഘടകത്തിന്റെ 75%വും കേന്ദ്ര ഗവൺമെന്റ് വഹിക്കും. സാധനഘടകത്തിന്റെ ബാക്കിയുള്ള 25% സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്.

നഗരകാര്യ വകുപ്പിനു കീഴിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. ജവഹർലാൽ നെഹ്റു ദേശീയ പുനരുദ്ധാരണ ദൗത്യം (ജെഎൻ.എൻ.യു ആർ എം)
2. ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പരിപാടി (U.I.D.S.S.M..T)
3. അടൽമിഷൻ ഫോർ റിജുവിനേഷൻ & അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്)
4. സ്വർണ ജയന്തി ഷഹാരി റോസ്ഗാർ യോജന (എസ്. ജെ.എസ്.ആർ.വൈ)
5. സമഗ്ര പാർപ്പിട ചേരി വികസന പരിപാടി (ഐ.എച്ച്.എസ്.ഡി.പി)
6. നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ (ബി.എസ്.യു.പി)
7. രാജീവ് ആവാസ് യോജന (ആർ.എ.വൈ)
8. ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം)
9. നഗരപ്രദേശങ്ങളിലെ ചെലവുകുറഞ്ഞ സമഗ്ര ശുചിത്വ പദ്ധതി (ഐ.എൽ,സി,എസ്)
10. സ്മാർട്ട് സിറ്റി മിഷൻ
11. പ്രധാനമന്ത്രി ആവാസ് യോജന

സമ്പൂർണ്ണമായി കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾ ഇല്ല.

കെ.എസ്.യു.ഡി.പി. മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പദ്ധതി പുരോഗതി |
|---|---|
| ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ (ജെ.എൻ.എൻ.യു.എം) ഒന്നാംഘട്ടം | 15 പദ്ധതികൾ ആകെ പദ്ധതി അടങ്കൽ 1140.88 കോടി രൂപ പൂർത്തിയായ പദ്ധതികൾ 3, ഉപേക്ഷിച്ച പദ്ധതികൾ 4 അന്തിമഘട്ടങ്ങളിൽ പുരോഗമിക്കുന്ന പദ്ധതികൾ -8 |
| ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ (ജെ.എൻ.എൻ.യു.എം) ട്രാൻസിഷൻ ഫെയ്സ് | 400 ബസുകൾ വാങ്ങുന്നതിനുള്ള പദ്ധതി ആകെ പദ്ധതി അടങ്കൽ 186.19 കോടി രൂപ ഇതിനകം വാങ്ങിയ ബസുകളുടെ എണ്ണം 110 എ.സി. ലോ ഫ്ലോർ ബസുകൾ, 171 നോൺ എ.സി. ലോ ഫ്ലോർ ബസുകൾ, |
| അർബൻ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ് സ്കീം ഫോർ സ്മോൾ & മീഡിയം ടൗൺസ് (യു.ഐ.ഡി.എസ്.എസ്.എം.റ്റി) ഒന്നാംഘട്ടം | 25 പദ്ധതികൾ ആകെ അടങ്കൽ 427.78 കോടി രൂപ (13 വാട്ടർ സപ്ലൈ, 11 സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ്, 1 സീവറേജ് ഉപേക്ഷിച്ചവ – 10 സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് –9. സീവറേജ് –1 പൂർത്തിയായവ – 6 (വാട്ടർ സപ്ലൈ--6) |

| | |
|---|---|
| | അന്തിമ ഘട്ടങ്ങളിൽ പുരോഗമിക്കുന്ന പദ്ധതികൾ – 9<br>വാട്ടർ സപ്ലൈ – 7<br>സോളിഡ് വേസ്റ്റ് മാനേജ്മെന്റ് – 2 |
| അർബൻ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ് സ്കീം ഫോർ സ്മോൾ & മീഡിയം ടൗൺസ് (യു.ഐ.ഡി.എസ്.എസ്.എം.റ്റി) ട്രാൻസിഷൻ ഫെയ്സ് | ആകെ പദ്ധതി അടങ്കൽ 14.66 കോടി രൂപ<br>1 പദ്ധതി (മലപ്പുറം സോളിഡ് വെസ്റ്റ് മാനേജ്മെന്റ്) പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിൽ |
| അടൽമിഷൻ ഫോർ റിജുവിനേഷൻ & അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) | ആകെ പദ്ധതി അടങ്കൽ 587.48 കോടി രൂപ<br>പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിൽ |
| സ്മാർട്ട് സിറ്റീസ് മിഷൻ | ആകെ പദ്ധതി അടങ്കൽ 2076.24 കോടി രൂപ<br>പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിൽ |

ശുചിത്വമിഷൻ മുഖേന നടപ്പിലാക്കുന്ന സ്വച്ഛ് ഭാരത് മിഷൻ പദ്ധതി പ്രാരംഭഘട്ടത്തിലാണ്.

ബി) പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

ബി) രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ) ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരങ്ങൾ താഴെച്ചേർക്കുന്നു.

| വർഷം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 2013-14 | 1658.38 | ഇല്ല | 1558 |
| 2014-15 | 1449.12 | ഇല്ല | 18.9 |
| 2015-16 | ഇല്ല | ഇല്ല | 1068.82 |

<u>ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് വിവരം</u>

(തുക ലക്ഷത്തിൽ)

| പദ്ധതിയുടെ പേര് | ആകെ ലഭ്യമായ തുക | ചെലവഴിച്ച തുക | % |
|---|---|---|---|
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 146102.45 | 145092.59 | 99 |
| ഇന്ദിരാ ആവാസ് യോജന | 47045.4 | 29587.5 | 63 |
| സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) (മുൻ നിർമ്മൽ ഭാരത് അഭിയാൻ) | 3848.26 | 3430.01 | 89 |
| പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (മുൻ ഐ.ഡബ്ല്യു.എം.പി) | 3828 | 2478 | 65 |
| പിന്നോക്ക മേഖല വികസന നിധി (ബി ആർ.ജി.എഫ്) | 1091.69 | 786.38 | 72 |

നഗരകാര്യവകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി, ഫണ്ടുവിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| പദ്ധതിയുടെ പേര് | നാളിതുവരെ വിനിയോഗിച്ച തുക |
|---|---|
| ജെ.എൻ.എൻ.യു. എം (ഒന്നാംഘട്ടം) | 634.39 കോടി രൂപ |
| ജെ.എൻ.എൻ.യു. എം ട്രാൻസിഷൻ ഫെയ്സ് | 120.12 കോടി രൂപ |
| യു.ഐ. ഡി.എസ്.എസ്. എം.റ്റി ഒന്നാംഘട്ടം | 393.47 കോടി രൂപ |
| യു.ഐ. ഡി.എസ്.എസ്. എം.റ്റി ട്രാൻസിഷൻ ഫെയ്സ് | ഇല്ല |
| അടൽമിഷൻ ഫോർ റിജുവിനേഷൻ & അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) | 13.06 ലക്ഷം രൂപ |
| സ്മാർട്ട് സിറ്റീസ് മിഷൻ | 1.49 ലക്ഷം രൂപ |
| ബി.എസ്.യു.പി | 226.13 കോടി രൂപ |
| ഐ.എച്ച്.എസ്.ഡി.പി | 169.37 കോടി രൂപ |
| രാജീവ് ആവാസ് യോജന | 14.28 കോടി രൂപ |
| എൻ.യു.എൽ.എം | 16.28 കോടി രൂപ |
| സ്വച്ഛ് ഭാരത് മിഷൻ | 2557.67 ലക്ഷം രൂപ നഗരകാര്യവകുപ്പ് മുഖേന അനുവദിച്ചിട്ടുണ്ട്. |

സി) കേന്ദ്രത്തിൽ എൻഡിഎ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന ഏതെങ്കിലും പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

സി) ഉണ്ട്.

1. സ്മാർട്ട് സിറ്റീസ് മിഷൻ (കെ.എസ്.യു.ഡി.പി മുഖേന നടപ്പാക്കുന്നു)
2. അടൽമിഷൻ ഫോർ റിജുവിനേഷൻ & അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) - (കെ.എസ്.യു.ഡി.പി മുഖേന നടപ്പാക്കുന്നു)
3. പ്രധാനമന്ത്രി ആവാസ് യോജന (കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നു)
4. ദേശീയ നഗരഉപജീവന മിഷൻ (കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നു)
5. സ്വച്ഛ് ഭാരത് മിഷൻ (ശുചിത്വമിഷൻ മുഖേന നടപ്പിലാക്കുന്നു.

Liya
**സെക്ഷൻ ഓഫീസർ**